## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 44 11.12.2012 -ലെ മറുപടി

### കെ. എസ്. ആർ. ടി. സി. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത

ചോദ്യം

ശ്രീ. സി. കൃഷ്ണൻ:
" ബി. സത്യൻ :
" കെ. ദാസൻ :
ശ്രീമതി. കെ. എസ്. സലീഖ:

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത മൂലം കോർപ്പറേഷന്റെ നഷ്ടം പ്രതിദിനം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ബസ്സുകൾക്കാവശ്യമായ സ്പെയർപാർട്സുകളും മറ്റും യഥാസമയം ലഭ്യമാക്കാത്തതിനാൽ ഒട്ടനവധി ബസ്സുകൾ കട്ടപ്പുറത്താണെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. സ്പെയർ പാർട്സ് ഇല്ലാതെ കൂടുതൽ വാഹനങ്ങൾ കട്ടപ്പുറത്ത് ആയിട്ടില്ല. അനുവദനീയമായ എണ്ണം ബസ്സുകൾ മാത്രമാണ് ഡിപ്പോകളിൽ അറ്റകുറ്റ പണികൾക്കായി പിടിച്ചിട്ടുള്ളത്. |
| (സി) | ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | കുറവുള്ള സ്പെയർ പാർട്സുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണ്. ഡോക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾ എത്രയും പെട്ടെന്ന് അറ്റകുറ്റ പണികൾ തീർത്ത് നിരത്തിൽ ഇറക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | വേണ്ടത്ര ജീവനക്കാരില്ലാത്തതു മൂലം എത്ര കിലോമീറ്റർ സർവ്വീസാണ് പ്രതിദിനം റദ്ദാക്കപ്പെടുന്നത് എന്നും കോർപ്പറേഷനുണ്ടാകുന്ന നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ; | (ഡി) | ജീവനക്കാരുടെ മാത്രമല്ല ബസ്സിന്റെ കുറവ് കാരണവും സർവ്വീസ്സുകൾ റദ്ദാക്കപ്പെടുന്നുണ്ട്. പ്രതിദിനം ശരാശരി 3.26 ലക്ഷം കി.മീറ്ററാണ് ഇപ്രകാരം റദ്ദാക്കപ്പെടുന്നത്. കിലോമീറ്ററിന് 30 രൂപയാണ് ഇപ്പോൾ ലഭിക്കുന്ന ശരാശരി വരുമാനം. ഇങ്ങനെ നോക്കുമ്പോൾ പ്രതിദിനം ശരാശരി 97 ലക്ഷം രൂപയുടെ കുറവ് വരുമാനത്തിൽ ഉണ്ടാകുന്നുണ്ട് എന്ന് കണക്കാക്കുന്നു. എങ്കിലും കെ.എസ്.ആർ.ടി.സി. ഇപ്പോൾ പ്രതിദിനം ശരാശരി 4700 നും 4800 നും ഇടക്ക് സർവ്വീസ്സുകളാണ് നടത്തി വരുന്നത്. ചില ദിവസങ്ങളിൽ ഇത് 5000 വരെയായി വർദ്ധിക്കാറുണ്ട്. കൂടാതെ 270 -ഓളം ജൻറം പദ്ധതി പ്രകാരമുള്ള സർവ്വീസ്സുകളും നടത്തുന്നുണ്ട്. |
| (ഇ) | പുതിയ ഷാസികൾ വാങ്ങാത്തതുമൂലം ബോഡി നിർമ്മാണം പൂർണ്ണമായും നിലയ്ക്കുകയും തൽഫലമായി ജീവനക്കാർ പിരിച്ചുവിടൽ ഭീഷണിയിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ഇ) | ജീവനക്കാരെ പിരിച്ച്വിടാനുള്ള യാതൊരു നടപടിയും കൈകൊണ്ടിട്ടില്ല. പുതിയ ഷാസികൾ വാങ്ങുന്നതിനുള്ള തീരുമാനം എടുക്കുകയും പർച്ചേയ്സ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ഡീസൽ വിലയിനത്തിൽ നൽകുവാനുള്ള തുക മറ്റാവശ്യങ്ങൾക്ക് വക മാറ്റി ചെലവഴിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എഫ്) | ഡീസൽ വിലയിനത്തിൽ നൽകുവാനുള്ള തുക മറ്റാവശ്യങ്ങൾക്ക് വക മാറ്റി ചെലവഴിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ